# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2317 18.02.2016 - ൽ മറുപടിക്ക്

## സ്റ്റാഫ് നഴ്സ് തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | എറണാകുളം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, ഗ്രേഡ്-I തസ്തികകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ; | എ) | എറണാകുളം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ന്റെ 363 തസ്തികയും, സ്റ്റാഫ് നഴ്സ് ഗ്രേഡ്-I ന്റെ 362 തസ്തികയും നിലവിലുണ്ട്. |
| ബി) | സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേക്ക് പ്രമോഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവിറങ്ങിയ തെന്നും എത്ര പേർക്ക് പ്രമോഷൻ നൽകിയെന്നും വ്യക്തമാക്കാമോ; | ബി) | ഉണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.01.2016-ലെ ഉത്തരവ് നം.ഇ1/60/2016/ആ.വ.ഡ പ്രകാരം 308 പേർക്ക് സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേക്ക് പ്രമോഷൻ നടത്തിയിട്ടുണ്ട്. |
| സി) | പ്രമോഷൻ ലഭിച്ചവരെ എറണാകുളം ജില്ലയിൽ തന്നെ തുടരുന്നതിന് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ മുൻകാലങ്ങളിൽ ഇത്തരത്തിൽ തുടരാൻ അനുവദിച്ചിട്ടു ണ്ടോയെന്ന് വ്യക്തമാക്കാമോ; | സി) | ഉത്തരവായിട്ടുണ്ട്. ഡി.ആർ.ബി ചട്ടപ്രകാരം ജില്ലയിൽ നിന്നും മാറ്റി നിയമിക്കേണ്ടകാര്യമില്ല. |
| ഡി) | പ്രമോഷൻ ലഭിച്ചവരെ ഇതര ജില്ലകളിൽ നിയമിക്കാത്തതുമൂലം വർഷങ്ങളായി അന്യ ജില്ലകളിൽ ജോലി ചെയ്യുന്നവർക്ക് സ്വന്തം ജില്ലയിൽ നിയമനം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ? | ഡി) | ഇക്കാര്യം ബഹു. കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ